**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **08-08-2023 - ൽ മറുപടിയ്ക്ക്**

## പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങുന്നതിന് കെ.ബി.പി.എസ്. ന് 2018-ൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോയെന്നും ഏതു സാഹചര്യത്തിലാണ് ഇപ്രകാരം അനുമതി നൽകിയതെന്നും വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 2018-19 അധ്യയന വർഷത്തിൽ ദർഘാസ് ക്ഷണിച്ചാണ് പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ വാങ്ങിയത്. |
| (ബി) | ടെണ്ടർ നടപടികൾ ഒഴിവാക്കി പേപ്പർ വാങ്ങുന്നതിന് തുടർന്നുള്ള വർഷങ്ങളിലും കെബിപിഎസിന് അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം അനുമതി നൽകിയതെന്നും വിശദമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 2019-20 അധ്യയന വർഷം പാഠപുസ്തക അച്ചടിയ്ക്കായുള്ള പേപ്പർ വാങ്ങുന്നതിന് കെ.ബി.പി.എസ്. നടപടിക്രമം സ്വീകരിച്ചപ്പോൾ വേണ്ടത്ര പങ്കാളിത്തം ലഭ്യമായിട്ടില്ലെന്ന റിപ്പോർട്ടിനെ തുടർന്ന് പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പാഠപുസ്തക അച്ചടി പേപ്പർ M/s Tamilnadu Newsprint & Papers Limited(TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുവാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.<br><br>പാഠപുസ്തക അച്ചടിയും, വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2020-21, 2021-22, 2022-23, 2023-24 എന്നീ അധ്യയന വർഷങ്ങളിലും ഇത്തരത്തിൽ ടെണ്ടർ നടപടി ഒഴിവാക്കി പാഠപുസ്തക അച്ചടിപേപ്പർ നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസിന് പ്രത്യേക അനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | 2018 മുതൽ നാളിതുവരെ ഓരോ വർഷവും ഇപ്രകാരം എത്ര രൂപയുടെ പേപ്പർ വാങ്ങിയിട്ടുണ്ടെന്നും ഏത് സ്ഥാപനത്തിൽ നിന്നാണ് പേപ്പർ വാങ്ങിയതെന്നും പ്രിന്റിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഇനത്തിൽ ഓരോ വർഷവും എത്ര ശതമാനം തുകയുടെ നിരക്ക് വർദ്ധനവാണ് ഈ സ്ഥാപനത്തിന് അനുവദിച്ച നൽകിയതെന്നും വിശദമാക്കുമോ; | (സി) | |

| ക്രമ നം. | അധ്യയനവർഷം | ഇൻവോയിസ് തുക (രൂപയിൽ) |
|---|---|---|
| 1 | 2018-19 | 61,07,14,801 |
| 2 | 2019-20 | 87,50,03,648 |
| 3 | 2020-21 | 86,01,27,752 |
| 4 | 2021-22 | 68,69,45,827 |
| 5 | 2022-23 | 61,56,22,866 |

| | | | |
|---|---|---|---|
| | | | 6   2023-24   83,92,93,259<br><br>2018-19ൽ ആദിത്യ അശ്വിൻ പേപ്പർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്,ബ്ലൂ മൗണ്ട് പേപ്പർ ആന്റ് ബോർഡ്സ് ലിമിറ്റഡ്, കാർത്തികേയ പേപ്പർ ആന്റ് ബോർഡ്സ് ലിമിറ്റഡ് എന്നീ മില്ലുകളിൽ നിന്നും 2019-20 മുതൽ 2023-24 വരെ M/s Tamilnadu Newsprint & Papers Limited (TNPL) ൽ നിന്നുമാണ് കെ.ബി.പി.എസ് പേപ്പർ വാങ്ങിയിട്ടുള്ളത്.<br><br>പ്രിന്റിംഗ് ചാർജ്ജിനത്തിൽ 20/05/2016 ലെ GO (Ms) 84/2016/പൊ.വി.വ ഉത്തരവ് പ്രകാരം 2016-17 അദ്ധ്യന വർഷം 35% അച്ചടിക്കൂലിയുടെ വർദ്ധനവ് കെ.ബി.പി.എസ്-ന് അനുവദിച്ചിരുന്നു.പ്രസ്തുത വർദ്ധനവ് 2017-18 മുതൽ 2022-23 അദ്ധ്യയന വർഷം വരെ സഞ്ചിതഫലത്തോടെയല്ലാതെ ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>വിതരണ കൂലിയിനത്തിലെ ചെലവുകൾക്ക് ഓരോ വർഷവും ശതമാനാടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തി നൽകിയിട്ടില്ല. 2018 മുതൽ ഓരോ വർഷവും ഉണ്ടാകുന്ന അസ്സൽ ചെലവുകളിന്മേൽ സർക്കാർ അനുമതി നൽകിയ തുകകൾ റീ-ഇംപേഴ്സ് ചെയ്തു നൽകുകയാണ് ചെയ്യുന്നത്. |
| (ഡി) | സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി തുടർച്ചയായ വർഷങ്ങളിൽ ടെൻഡർ നടപടികൾ ഒഴിവാക്കി പേപ്പർ വാങ്ങുന്നതിനുള്ള കരാർ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ടെണ്ടർ നടപടി സ്വീകരിച്ച 2015-16 അദ്ധ്യയന വർഷത്തിൽ പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം കാരണം ഒന്നാം ഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ 2019-20 അദ്ധ്യയന വർഷം കെ.ബി.പി.എസ്. ടെണ്ടർ നടപടിക്രമം സ്വീകരിച്ചപ്പോൾ വേണ്ടത്ര പങ്കാളിത്തം ലഭ്യമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിലാണ് പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് M/s Tamilnadu Newsprint & Papers Limited (TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് അച്ചടി പേപ്പർ വാങ്ങുവാൻ കെ.ബി.പി.എസിന് സർക്കാർ പ്രത്യേക അനുമതി നൽകിയത്. |
| (ഇ) | ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം എന്തായിരുന്നു; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | 20/02/2023 തീയതിയിലെ നം. AMG II(P) IV പ്രകാരമുള്ള അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിലെ എൻക്വയറി നോട്ട് 12 പ്രകാരം നിലവിലെ പേപ്പർ പർച്ചേസ് നടപടിക്രമം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് പരാമർശം നടത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു. |
| (എഫ്) | സ്റ്റോർ പർച്ചേസ് മാനുവലിന് വിരുദ്ധമായ നടപടികളിലൂടെ സർക്കാരിന് വലിയ നഷ്ടം ഉണ്ടാക്കിയ ഈ പർച്ചേസുകൾ സംബന്ധിച്ച് | (എഫ്) | പാഠപുസ്തകം സമയബന്ധിതമായി കുട്ടികൾക്ക് വിതരണം നടത്തേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയമായതിനാലും ടെണ്ടർ നടപടികൾ സ്വീകരിച്ച 2015- |

| | | | |
|---|---|---|---|
| | ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | 16, 2019-20 എന്നീ അദ്ധ്യയന വർഷങ്ങളിൽ കാലതാമസവും വേണ്ടത്ര പങ്കാളിത്തം ലഭ്യമാകാത്ത സാഹചര്യവും നിലനിന്നതിനാലുമാണ് സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുവാൻ കെ.ബി.പി.എസിന് അനുമതി നൽകേണ്ടി വന്നത്. ആയതിനാൽ ഉത്തരവാദികളെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. നിലവിൽ സ്റ്റോർസ് പർച്ചേസ് മാനദണ്ഡം പാലിച്ച് 2024-25 അധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2019- 2020 പാഠപുസ്തക അച്ചടിയും വിതരണവും - 2019-20 ആദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.5001/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 28/11/2018

---

പരാമർശം:- 1 31/08/2018ലെ സ.ഉ (സാധാ)നം. 3283/2018/പൊ.വി.വ

2 25/10/2018,30/10/2018,12/11/2018 തിയതികളിൽ കെ.ബി.പി.എസ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച P2/1266/18/4352, P2/1266/18/4450, P2/1266/18/4591 എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് ചില നിബന്ധനകൾ വ്യവസ്ഥ ചെയ്തുകൊണ്ട് കെ.പി.ബി.എസിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ. 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചിടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും പർച്ചേസ് ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ഒന്നാമത്തെ ടെണ്ടറിൽ പേപ്പർ മില്ലുകളുടെ പങ്കാളിത്തം ലഭിച്ചിട്ടില്ലാത്തതിനാൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലും വേണ്ടത്ര പങ്കാളിത്തമില്ലെങ്കിൽ പേപ്പറിന്റെ ലഭ്യത വൈകുന്നതുമൂലം പാഠപുസ്തക അച്ചടിയും വിതരണവും കാലതാമസം നേരിടുമെന്നും, ഇതിനൊരു പോംവഴിയായി തമിൾനാട് സർക്കാർ സംരഭവും പേപ്പറിന്റെ

ക്വാളിറ്റിയിൽ ഉന്നത നിലവാരം പുലർത്തുന്നതും ഉല്പാദന ക്ഷമതയുമുള്ള M/s Tamilnadu Newsprint & Papers Limited (M/s TNPL) പോലുള്ള പേപ്പർമില്ലിൽ നിന്നും പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പർ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പാരമർശം (2)ലെ കത്ത് പ്രകാരം M/s TNPL ന്റെ ഇ-മെയിൽ സഹിതം കെ.ബി.പി.എസ് മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് കത്ത് സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും യഥാസമയം പൂർത്തീകരിക്കേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള കാര്യം ആയതിനാൽ താഴെ പറയുന്ന ഇനംതിരിച്ചുള്ള പേപ്പറും സാമഗ്രികളും പട്ടികയിൽ കൊടുത്തിരിക്കുന്ന അളവിൽ കൂടരുതെന്ന വ്യവസ്ഥയിലും നിബന്ധനകൾക്കും വിധേയമായി 2019-20 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പറർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Name of Item | Indicative quantity (Tonne / Ream) |
|---|---|---|
| 1 | 83cmX80gsm maplitho reel paper<br><br>Reel diameter is 1 meter (tolerance ±5%) with 7.6cm to 7.8cm core diameter, 80% brightness (minimum), white shade. The reel should be free from uneven windings and damage. The Core should be strong | 6500 MT |
| 2 | 76cm X 80gsm maplitho reel paper<br><br>Reel diameter is 1 meter (tolerance ±5%) with 7.6cm to 7.8cm core diameter, 80% brightness (minimum), white shade. The reel should be free from uneven windings and damage. The Core should be strong | 3200 MT |
| 3 | 41.5cm X 80gsm maplitho reel paper<br><br>Reel diameter is 1 meter (tolerance ±5%) with 7.6cm to 7.8cm core diameter, 80% brightness (minimum), white shade. The reel should be free from uneven windings and damage. The Core should be strong | 300 MT |

| | | |
|---|---|---|
| 4 | 38cm X 80gsm maplitho reel paper<br><br>Reel diameter Is 1 meter (tolerance ±5%) with 7.6cm to 7.8cm core diameter, 80% brightness (minimum), white shade. The reel should be free from uneven windings and damage. The Core should be strong . | 250 MT |
| 5 | 56cm X 80gsm maplitho reel paper<br><br>Reel diameter Is 1 meter (tolerance ±5%) with 7.6cm to 7.8cm core diameter, 80% brightness (minimum), white shade. The reel should be free from uneven windings and damage. The Core should be strong | 100 MT |
| 6 | 58 cm X86 cm X 200gsm white card<br><br>(49.88 kg per ream of 500 Sheets) Both sides machine glazed and printable. 80% Brightness (Minimum). Duplex Board will not be entertained. | 20000 Ream<br><br>(997.6 MT) |
| 7 | 58 cm X78 cm X 200gsm white card<br><br>(45.24 kg per ream of 500 Sheets) Both sides machine glazed and printable. 80% Brightness (Minimum). Duplex Board will not be entertained. | 11000 Ream<br><br>(497.64 MT) |

1) 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഐറ്റങ്ങളുടെ M/s TNPL ൽ നിന്നും നടത്തുന്ന പർച്ചേസിന്റെയും, പ്രസ്തുത സാമഗ്രികളുടെ ഉപയോഗവും സംബന്ധിച്ച് വ്യക്തമായി വേർതിരിച്ച കണക്ക് കെ.ബി.പി.എസ് സൂക്ഷിക്കേണ്ടതും, ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും, അച്ചടി ഡയറക്ടർക്കും, സ്റ്റേഷനറി കൺട്രോളർക്കും സമർപ്പിക്കേണ്ടതുമാണ്.

2) 2019-20 അദ്ധ്യയന വർഷത്തെ രണ്ടാം വാല്യം പാഠപുസ്തക അച്ചടി

പൂർത്തിയാകുന്നമുറയ്ക്ക് മുകളിലെ പട്ടികയിലുള്ള ഐറ്റങ്ങളുടെ സ്റ്റോക്ക് വിവരം മുഴുവൻ എടുത്ത ശേഷം മാത്രമേ (2016-17 അദ്ധ്യയന വർഷം മുതലുള്ളത്) ആവശ്യമെങ്കിൽ M/s TNPL ൽ നിന്നും സാമഗ്രികൾ നേരിട്ട് വാങ്ങാവൂ.

3) പ്രസ്തുത ഉത്തരവ് 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയുമായി മാത്രം ബന്ധപ്പെട്ടതും, ഇതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുണ്ടായാൽ ആയത് കെ.ബി.പി.എസ് തന്നെ കൈകാര്യം ചെയ്യേണ്ടതുമാണ്.

4) പാഠപുസ്തക അച്ചടിക്കുപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ആവശ്യമായ അളവ് പേപ്പറുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്റ്റേഷനറി കൺട്രോളർക്ക് സമർപ്പിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും, പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ കൃത്യമായി കെ.ബി.പി.എസ് ഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും പാലിക്കേണ്ടതാണെന്നും അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.വി.മോഹൻ കുമാർ
SPECIAL SECRETARY1(SECY IN CHARGE)

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ ( എ& ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്, കാക്കനാട്, കൊച്ചി
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോർസ് പർച്ചേസ് വകുപ്പ്
ധനകാര്യ വകുപ്പ് (ഫയൽ നം.ബി3/152/2019/ധന പ്രകാരം)
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Namitha
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - 2020-21 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും - 2020-21 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt)No.4038/2019/GEDN   തീയതി,തിരുവനന്തപുരം, 09/10/2019

---

പരാമർശം:- 1 15.12.2009-ലെ സ.ഉ(സാ.ധാ)5267/2009/പൊ.വി.വ നമ്പർ ഉത്തരവ്.

2 05.11.2015-ലെ സ.ഉ(കൈ)281/2015/പൊ.വി.വ ഉത്തരവ്.

3 03/08/2017ലെ സ.ഉ (സാധാ)നം.2577/2017/പൊ.വി.വ

4 31/08/2018ലെ സ.ഉ (സാധാ)നം.3283/2018/പൊ.വി.വ

5 28/01/2018ലെ സ.ഉ (സാധാ)നം.5001/2018/പൊവിവ

6 01/02/2019ലെ സ.ഉ (സാധാ)നം.438/2019/പൊവിവ

7 07/08/2019ലെ കെബിപിഎസ് മാനേജിംഗ് ഡയറക്ടറുടെ കത്ത് നം.പി2/1266/2019/3098.

8 16/09/2019ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം. എ1/841/2019/ടിബിഒ.

9 18/09/2019ലെ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പുകൾ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഓരോ അദ്ധ്യയന വർഷത്തേക്കും പാഠപുസ്തക

GEDN-M2/367/2019-G.EDN

അച്ചടിയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ തുകയ്ക്കുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുകയും ആയത് അനുസരിച്ച് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ടെൻഡർ നടപടികളിലൂടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേഷനറി വകുപ്പമാണ് അച്ചടിക്കാവശ്യമായ സാധന സാമഗ്രികൾ കെ.ബി.പി.എസ്സിന് വാങ്ങി നൽകിയിരുന്നത്. ഇപ്രകാരം പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം മൂലം 2015-2016 അദ്ധ്യയന വർഷത്തെ ഒന്നാം ഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം 2016-17 അദ്ധ്യയന വർഷം മുതൽ രണ്ട് വർഷത്തേക്ക് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി സമയബന്ധിതമായി അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന് തുടർച്ചയായി പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ഇതേ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ട് 2018-19, 2019-20 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ തന്നെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുതുക്കി നൽകി.

2) 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും യഥാസമയം പൂർത്തീകരിക്കുന്നതിനായി പരാമർശം (5) ഉത്തരവ് പ്രകാരം ഇനംതിരിച്ചുള്ള പേപ്പറും സാമഗ്രികളും ഉത്തരവിൽ സൂചിപ്പിച്ചിരുന്ന അളവിൽ തുടർന്നുതന്നെ വ്യവസ്ഥയിലും നിബന്ധനകൾക്കും വിധേയമായി 2019-20 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസിന് പ്രത്യേകാനുമതി നൽകി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പരാമർശം (6)ലെ ഉത്തരവിൽ, നൽകിയിരുന്ന സാമഗ്രികളിൽ M/s TNPL ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള ബോർഡുകളും കാർഡുകളും വാങ്ങിക്കുന്നതിനായി ഭേദഗതി വരുത്തി സർക്കാർ പുതുക്കിയ ഉത്തരവ് നൽകി.

3) പരാമർശം (7) പ്രകാരം 2020-21 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കെബിപിഎസ് മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് കത്ത് നൽകി. ആയത് പരിശോധിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം ഉന്നതതല യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് (HLMC) പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു. ആയത് പ്രകാരം പരാമർശം (9) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പുകൾ പ്രകാരം 2020-21 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL)

File No.GEDN-M2/367/2019-G.EDN

എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്താവുന്നതാണെന്ന് വിലയിരുത്തി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യഥാസമയം പാഠപുസ്ത അച്ചടി പൂർത്തീകരിക്കേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയം ആയതിനാൽ, 2020-21 അദ്ധ്യയന വർഷത്തേയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് ഇ-ടെണ്ടർ മുഖേന വാങ്ങി നിലവിലുള്ള Conversion Rate(31/07/2015-ലെ സ.ഉ(കൈ)498/2015/ഉ.വി.വ പ്രകാരമുള്ള 6% wastage) ൽ നിന്നുകൊണ്ട് പേപ്പറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് 2020-21 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും കെ.പി.ബി.എസ്.ന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ താഴെ പറയുന്ന പട്ടികയിലെ പേപ്പറിന്റെയും, white card / Multi Folding Box Board എന്നിവയുടെ specification പ്രകാരവും, നിബന്ധനകൾക്കും വിധേയമായിരിക്കണമെന്നും അറിയിക്കുന്നു.

Card / Multi Folding Box Board എന്നിവയുടെ specification

| Total Paper requirement (80 gsm Maplitho red paper) for 2020-21 Academic Year | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Paper Size | Vol-I (MT) | Vol II (MT) | Vol III (MT) | Total(Vol I, II,III) | Buffer (10 % (MT)) | Grand Total (MT) | Grand Total Rounded (MT) | Rate per Metric Tone (Rs) | Total Amount (Rs) |
| 83 cm * 80 gsm Maplitho Reel paper | 4138.78 | 2540.80 | 464.07 | 7143.66 | 714.37 | 7858.02 | 7860 | 78700.00 | 618582000.00 |
| 41.5 cm * 80 gsm Maplitho Reel paper | 197.29 | 140.29 | 40.89 | 378.47 | 37.85 | 416.32 | 420 | 78700.00 | 33054000.00 |
| 76 cm * 80 gsm Maplitho Reel paper | 1566.97 | 890.16 | 325.92 | 2783.05 | 278.31 | 3061.36 | 3070 | 78700.00 | 24160900.00 |
| 38 cm * 80 gsm Maplitho Reel paper | 86.08 | 68.98 | 31.66 | 186.73 | 18.67 | 205.40 | 210 | 78700.00 | 16527000.00 |
| 56 cm * 80 gsm Maplitho Reel paper | 64.88 | 36.63 | 9.81 | 111.32 | 11.13 | 122.45 | 130 | 78700.00 | 10231000.00 |

File No.GEDN-M2/367/2019-G.EDN

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 58 * 86 cm 200 gsm White Card / Multilayered Board Folding Board | 557.23 | 383.25 | 82.01 | 1022.50 | 102.25 | 1124.75 | 1130 | 63623.00 | 71893990.00 |
| 58 * 78 cm 200 gsm White Card / Multilayered Board Folding Board | 260.80 | 154.26 | 72.67 | 487.73 | 48.77 | 536.50 | 540 | 63623.00 | 34356420.00 |
| Total | | | | | | | | | 1026253410.0( |

1) 2016-17 അദ്ധ്യയന വർഷം മുതൽ 2019-20 അദ്ധ്യയന വർഷം വരെയുള്ള അച്ചടി പേപ്പറിന്റെയും, അച്ചടി സാമഗ്രികളുടേയും ക്ലോസിംഗ് സ്റ്റോക്കിന്റെ വിശദവിവരം സ്റ്റേഷനറി ഡിപ്പാർട്ട്മെന്റിനും, പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും,സർക്കാരിനും കെ.ബി.പി.എസ് സമർപ്പിക്കേണ്ടതാണ്.

2) 2020-21 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടി പൂർത്തീകരിച്ചതിനു ശേഷമുള്ള പേപ്പറിന്റെ ക്ലോസിംഗ് സ്റ്റോക്ക് വിലയിരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പേപ്പർ സ്റ്റോക്കിന്റെ കണക്കെടുക്കുന്നതിൽ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

3) UID നമ്പർ പ്രകാരമുള്ള കുട്ടികളുടെ എണ്ണമനുസരിച്ച് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് നൽകാൻ സർക്കാർ / എയ്ഡഡ് / അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശന നിർദ്ദേശം നൽകേണ്ടതാണ്. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ ഇന്റന്റ് ചെയ്യുന്ന മുറയ്ക്ക് Manual Releasing Order-ന്റെ പകർപ്പ് പാഠപുസ്തക ഓഫീസർ കെ.ബി.പി.എസ്-ന് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസ് പാഠപുസ്തകം വിതരണം ചെയ്യേണ്ടതുമാണ്.

4) പാഠപുസ്തകങ്ങൾ അതാത് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതുവരെയുള്ള നടപടികളുടെ പൂർണ്ണ ചുമതലയും കെ.ബി.പി.എസ്സിൽ നിക്ഷിപ്തമായിരിക്കും.

5) പാഠപുസ്തക അച്ചടിക്കുപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ആവശ്യമായ അളവ് പേപ്പറുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്റ്റേഷനറി കൺട്രോളർക്ക് സമർപ്പിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6) പാഠപുസ്തക വിതരണത്തിനു ശേഷം അതാത് ഹബ്ബുകളിലെ ക്ലോസിംഗ് സ്റ്റോക്ക് പാഠപുസ്തകങ്ങൾ എണ്ണി തിട്ടപ്പെടുത്തി കെ.ബി.പി.എസിലെ സ്റ്റോക്കും കൂട്ടിചേർത്ത് ക്ലോസിംഗ് സ്റ്റോക്ക് റിപ്പോർട്ട് കെ.ബി.പി.എസ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാരിനും സമർപ്പിക്കേണ്ടതാണ്.

7) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട വേസ്റ്റേജ് തുക കണക്കാക്കേണ്ടതും , ആയത് അതാതു വർഷം തന്നെ (ഇതുവരെയുള്ള കുടിശ്ശിക ഉൾപ്പെടെ ) സർക്കാർ ഖജനാവിലേക്ക് ഒടുക്കാനുള്ള നടപടിയും കെ.ബി.പി.എസ് കൈക്കൊള്ളേണ്ടതാണ്.

8) Core-damage ആയി പേപ്പർ കമ്പനിയ്ക്ക് തിരിച്ചയയ്ക്കുന്ന അച്ചടി പേപ്പറിന്റെ

വിശദവിവരവും ആയതിന്റെ വിലയും KBPS സർക്കാരിലേക്ക് അറിയിക്കേണ്ടതാണ്.

9) ആറാം സാധ്യായ ദിനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകുന്ന മുറയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണവും, ഒന്നും, രണ്ടും വാല്യത്തിന്റെ പ്രിന്റ് ഓർഡർ നൽകിയ എണ്ണവും വ്യക്തമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കണക്കാക്കി, അഡീഷണൽ പ്രിന്റ് ഓർഡർ നൽകുന്ന മുറയ്ക്ക് മാത്രം കെ.ബി.പി.എസ് അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ& ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്, കാക്കനാട്, കൊച്ചി
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ,പത്മവിലാസം റോഡ്, ഫോർട്ട് പിഒ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോർസ് പർച്ചേസ് വകുപ്പ്
ധനകാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Namitha P
സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പിഎസ് ന്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2021-22 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും - 2021-22 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലേക്കുളള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അച്ചടിക്കാവശ്യമായ പേപ്പറും അനുബന്ധ സാമഗ്രികളും M/s. Tamilnadu Newsprint & Papers Limited (M/s. TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ.(സാധാ) നം.3147/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 15.12.2009-ലെ സ.ഉ(സാ.ധാ)5267/2009/പൊ.വി.വ

2 05.11.2015-ലെ സ.ഉ(കൈ)281/2015/പൊ.വി.വ

3 03/08/2017ലെ സ.ഉ (സാധാ)നം.2577/2017/പൊ.വി.വ

4 31/08/2018ലെ സ.ഉ (സാധാ)നം.3283/2018/പൊ.വി.വ

5 28/11/2018 ലെസ.ഉ(സാധാ)5001/2018/പൊവിവ

6 09/10/2019ലെ സ.ഉ (സാധാ) നം.4038/2019/പൊവിവ

7 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/08/2020ലെ എ1/527/2020/റ്റിബിഒ നം കത്ത് .

8 24/09/2020ലെ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പുകൾ.

9 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/11/2020ലെ എ/377/2020/ടിബിഒ നംകത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഓരോ അദ്ധ്യയന വർഷത്തേക്കും പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ തുകയ്ക്കുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുകയും ആയത് അനുസരിച്ച് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ടെൻഡർ നടപടികളിലൂടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേഷനറി വകുപ്പാണ് അച്ചടിക്കാവശ്യമായ സാധനസാമഗ്രികൾ കെ.ബി.പി.എസ്സിന് വാങ്ങി നൽകിയിരുന്നത്. ഇപ്രകാരം പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം മൂലം 2015-2016 അദ്ധ്യയന വർഷത്തെ ഒന്നാം ഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം 2016-17 അദ്ധ്യയന

വർഷം മുതൽ രണ്ട് വർഷത്തേക്ക് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി സമയബന്ധിതമായി അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന് തുടർച്ചയായി പരാമർശം (3),(4), ഉത്തരവുകൾ പ്രകാരം ഇതേ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ട് 2018-19, 2019-20, വർഷത്തെയും,പരാമർശം (5) ഉത്തരവ് പ്രകാരം 2019-20 വർഷം അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint&Papers Limited(M/sTNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും പരാമർശം (6) ഉത്തരവ് പ്രകാരം 2020-21 അദ്ധ്യയന വർഷത്തെയും സംസ്ഥാനത്തെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ തന്നെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുതുക്കി നൽകി.

2) 2021-22 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പർ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതിലേക്കായി ഉന്നതതല യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് (HLMC) പരാമർശം (7) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പുകൾ പ്രകാരം മുൻ വർഷങ്ങളിൽ പാഠപുസ്തക അച്ചടിയും വിതരണവും കെബിപിഎസ് കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചതിനാൽ 2021-22 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്താവുന്നതാണെന്ന് തീരുമാനിച്ചു. കൂടാതെ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിന്റെ 80gsm പേപ്പറിന്റെയും കാർഡിന്റെയും അതേ നിലവാരം 70gsm പേപ്പറിനും കാർഡിനും ഉണ്ടെന്നതിനാൽ ഈ വർഷം 70gsm പേപ്പറും കാർഡും ഉപയോഗിക്കാനും തീരുമാനമായി .ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ കണക്ക് സർക്കാരിലേക്ക് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി. പരാമർശം (9) പ്രകാരം പ്രസ്തുത വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചു

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യഥാസമയം പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയം ആയതിനാൽ, 2021-22 അദ്ധ്യയന വർഷത്തേയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് ഇ-ടെണ്ടർ മുഖേന വാങ്ങി നിലവിലുള്ള Conversion Rate (31/07/2015-ലെ സ.ഉ(കൈ) 498/2015/പൊ.വി.വ പ്രകാരമുള്ള 6% wastage) ൽ നിന്നുകൊണ്ട് പേപ്പറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് 2021-22 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന പട്ടികയിലെ പേപ്പറിന്റെയും, white card / Multi Folding Box Board എന്നിവയുടെ specification പ്രകാരം ഭരണാനുമതി തുകയിൽ അധികരിക്കാതെയും നിബന്ധനകൾക്ക് വിധേയമായി നേരിട്ട് വാങ്ങുന്നതിനും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| Sl.No | Paper, white card / Multi Folding Box Board Details | Paper Requirement with 10% buffer in Metric Tone | Rate per MT | Amount (in crores) |
|---|---|---|---|---|
| 1 | 83 cm X 70 gsm Maplitho reel paper | 6214 MT | Rs.76700/- | 47.66 |
| 2 | 41.5 cm X 70 gsm Maplitho reel paper | 306 MT | Rs. 76700/- | 2.347 |
| 3 | 76 cm X 70 gsm Maplitho reel paper | 2837 MT | Rs.76700/- | 21.759 |
| 4 | 38 cm X 70 gsm Maplitho reel paper | 178 MT | Rs.76700/- | 1.365 |
| 5 | 56 cm X 70 gsm Maplitho reel paper | 97 MT | Rs.76700/- | 0.743 |
| 6 | 58 cm X 86 cm 200 gsm multilayered board / folding box board | 981 MT | Rs.62500/- | 6.131 |
| 7 | 58 cm X 78cm 200 gsm multilayered board / folding box board | 499 MT | Rs.62500/- | 3.118 |
| | **Total** | | | 83.123 |

1) 2021-22 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് കെബിപിഎസും പൊതുവിദ്യാഭ്യാസ ഡയറക്ടറും Memorandum of Understanding (MoU) ഒപ്പ് വെയ്ക്കേണ്ടതാണ്.

2) 2020-21 അദ്ധ്യയന വർഷത്തെ അച്ചടിക്കായി ഉപയോഗിച്ച പേപ്പറിന്റെയും, അച്ചടി സാമഗ്രികളുടേയും ക്ലോസിംഗ് സ്റ്റോക്ക് വിലയിരുത്തി സ്റ്റോക്കിന്റെ വിശദവിവരം സ്റ്റേഷനറി ഡിപ്പാർട്ട്മെന്റിനും, പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും, സർക്കാരിനും കെ.ബി.പി.എസ് സമർപ്പിക്കേണ്ടതാണ്. പേപ്പർ/അച്ചടി സാമഗ്രികളുടെ സ്റ്റോക്കിന്റെ കണക്കെടുക്കുന്നതിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

3) UID നമ്പർ പ്രകാരമുള്ള കുട്ടികളുടെ എണ്ണമനുസരിച്ച് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് നൽകാൻ സർക്കാർ / എയ്ഡഡ് / അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശന നിർദ്ദേശം നൽകേണ്ടതാണ്. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾക്ക് അവർ ഇൻഡന്റ് ചെയ്യുന്ന
മുറയ്ക്ക് Manual Releasing Order-ന്റെ പകർപ്പ് പാഠപുസ്തക ഓഫീസർ കെ.ബി.പി.എസ്-ന് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസ് പാഠപുസ്തകം വിതരണം ചെയ്യേണ്ടതുമാണ്.

4) പാഠപുസ്തകങ്ങൾ അതാത് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതുവരെയുള്ള നടപടികളുടെ പൂർണ്ണ ചുമതലയും കെ.ബി.പി.എസ്സിൽ നിക്ഷിപ്തമായിരിക്കും.

5) പാഠപുസ്തക അച്ചടിക്കുപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ആവശ്യമായ അളവ് പേപ്പറുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്റ്റേഷനറി കൺട്രോളർക്ക് സമർപ്പിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6) പാഠപുസ്തക വിതരണത്തിനു ശേഷം അതാത് ഹബ്ബുകളിലെ ക്ലോസിംഗ് സ്റ്റോക്ക് പാഠപുസ്തകങ്ങൾ എണ്ണി തിട്ടപ്പെടുത്തി കെ.ബി.പി.എസിലെ സ്റ്റോക്കും കൂട്ടിചേർത്ത് ക്ലോസിംഗ് സ്റ്റോക്ക് റിപ്പോർട്ട് കെ.ബി.പി.എസ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാരിനും സമർപ്പിക്കേണ്ടതാണ്.

7) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട വേസ്റ്റേജ് തുക കണക്കാക്കേണ്ടതും, ആയത് അതാതു വർഷം

തന്നെ (ഇതുവരെയുള്ള കുടിശ്ശിക ഉൾപ്പെടെ) സർക്കാർ ഖജനാവിലേക്ക് ഒടുക്കാനുള്ള നടപടിയും കെ.ബി.പി.എസ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം കൈക്കൊള്ളേണ്ടതാണ്.

8) Core-damage ആയി കമ്പനിയ്ക്ക് തിരിച്ചയയ്ക്കുന്ന അച്ചടി പേപ്പറിന്റെ വിശദവിവരവും ആയതിന്റെ വിലയും KBPS പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് ആയതിലെ കൃത്യത പരിശോധിച്ച് സർക്കാരിലേക്ക് അറിയിക്കേണ്ടതാണ്.

9) ആറാം സാധ്യായ ദിനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ വർദ്ധനയുണ്ടായാൽ ബഫർ സ്റ്റോക്ക് കൃത്യമായി കണക്കാക്കി ആവശ്യമെങ്കിൽ അഡീഷണൽ പ്രിന്റ് ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന മുറയ്ക്ക് കെ.ബി.പി.എസ് പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാന്
സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് / എ& ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്, കാക്കനാട്, കൊച്ചി
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ,പത്മവിലാസം റോഡ്, ഫോർട്ട് പിഒ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോർസ് പർച്ചേസ് വകുപ്പ്
ധനകാര്യ വകുപ്പ് (EDN B3/145/2020-Fin)
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by NAMITHA T
Date: 2020.11.24 15:02:03 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പിഎസ് ന്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും - 2022-23 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പറും അനുബന്ധ സാമഗ്രികളും M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.4622/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 15/10/2021

---

പരാമർശം:-

1. സ.ഉ(സാ.ധാ)5267/2009/പൊ.വി.വ തീയതി 15/12/2009
2. സ.ഉ(കൈ)നം 281/2015/പൊ.വി.വ തീയതി 05/11/2015.
3. സ.ഉ (സാധാ)നം.2577/2017/പൊ.വി.വ തീയതി 03/08/2017
4. സ.ഉ (സാധാ)നം.3283/2018/പൊ.വി.വ തീയതി 31/08/2018
5. സ.ഉ (സാധാ)നം.5001/2018/പൊ.വി.വ തീയതി 28/11/2018
6. സ.ഉ (സാധാ) നം.4038/2019/പൊവിവ തീയതി 09/10/2019
7. സ.ഉ (സാധാ) നം.3147/2020/പൊവിവ തീയതി 24/11/2020
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2021, 25/09/2021 തീയതികളിലെ എ1/800/2021/റ്റിബിഒ.നം. കത്ത്
9. 09/09/2021-ലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പുകൾ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഓരോ അദ്ധ്യയന വർഷത്തേക്കും പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പറും അച്ചടി സമാഗ്രികളും വാങ്ങുന്നതിനാവശ്യമായ തുകയ്ക്കുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ടെൻഡർ നടപടികളിലൂടെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേഷനറി വകുപ്പാണ് അച്ചടിക്കാവശ്യമായ സാധനസാമഗ്രികൾ കെ.ബി.പി.എസ്സിന് വാങ്ങി നൽകിയിരുന്നത്. ഇപ്രകാരം പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം മൂലം 2015-2016 അദ്ധ്യയന വർഷത്തെ ഒന്നാം ഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, പരാമർശം (2)

പ്രകാരം 2016-17 അദ്ധ്യയന വർഷം മുതൽ രണ്ട് വർഷത്തേക്ക് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി സമയബന്ധിതമായി അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന് തുടർച്ചയായി പരാമർശം (3), (4) എന്നിവ പ്രകാരം ഇതേ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ട് 2018-19, 2019-20, അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെത്തന്നെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുതുക്കി നൽകി.

2) 2019-20 അദ്ധ്യയന വർഷം പാഠപുസ്തക അച്ചടിക്കായുള്ള പേപ്പർ വാങ്ങുന്നതിനുള്ള നടപടി കെബിപിഎസ് സ്വീകരിച്ചപ്പോൾ ടെണ്ടർ നടപടികളിൽ വേണ്ടത്ര പങ്കാളിത്തം ലഭ്യമല്ലാതിരുന്നതിനാൽ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കെബിപിഎസിന് പ്രത്യേകാനുമതി നൽകി പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിന് തുടർച്ചയായി ഇതേരീതിയിൽ അച്ചടിക്കാവശ്യമായ പേപ്പറുകൾ വാങ്ങുന്നതിന് അനുമതി നൽകി 2020-21, 2021-22 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെത്തന്നെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (6), (7) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് നൽകി.

3) 2022-23 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടി ചുമതല നൽകുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ വാങ്ങുന്നതിനുമുള്ള നടപടികൾ ആരംഭിക്കേണ്ടതിനായി ഉന്നതതല യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് (HLMC) പരാമർശം (8) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ, ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയും വിതരണവും കെബിപിഎസ് കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നുണ്ടെന്നതിനാൽ 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി, പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.പി.ബി.എസ്) ചുമതലപ്പെടുത്താവുന്നതാണെന്നും തീരുമാനിച്ചു. പരാമർശം (6) പ്രകാരം 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായേക്കാവുന്ന പേപ്പറിന്റെ ആവശ്യകതയും കണക്കും ഉൾപ്പെട്ട വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ യഥാസമയം അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയം ആയതിനാൽ, 2022-23 അദ്ധ്യയന വർഷത്തേയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് ഇ-ടെണ്ടർ മുഖേന വാങ്ങി നിലവിലുള്ള Conversion Rate(31/07/2015-ലെ സ.ഉ(കൈ)498/2015/ഉ.വി.വ പ്രകാരമുള്ള 6% wastage) -ൽ നിന്നുകൊണ്ട് പേപ്പറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് 2022-

23 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന പട്ടികയിലെ specification പ്രകാരം പേപ്പറും അനുബന്ധ സാമഗ്രികളുടെയും ഭരണാനുമതി തുകയായ 70,03,41,100/-രൂപ/യിൽ (എഴുപത് കോടി മൂന്ന് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം) അധികരിക്കാതെ നേരിട്ട് വാങ്ങുന്നതിനും, താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെബിപിഎസിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| Sl. No | Paper Size | Paper requirement with 10% buffer (metric Tonne) | Rate per Metric Tonne | Amount (in Rs) |
|---|---|---|---|---|
| 1 | 83 cm X70 gsm Maplitho reel paper | 4881 MT | 76700 | 37,43,72,700/- |
| 2 | 41.5 cm X 70 gsm Maplitho reel paper | 195 MT | 76700 | 1,49,56,500/- |
| 3 | 76 cm X 70 gsm Maplitho reel paper | 2770 MT | 76700 | 21,24,59,000/- |
| 4 | 38 cm X 70 gsm Maplitho reel paper | 167 MT | 76700 | 1,28,08,900/- |
| 5 | 56 cm X 70 gsm Maplitho reel paper | 70 MT | 76700 | 53,69,000/- |
| 6 | 58cm X 86cm 200gsm multilayered board /folding box board | 826 MT | 62500 | 5,16,25,000/- |
| 7 | 58 cm X 78cm 200gsm multilayered board / folding box board | 460 MT | 62500 | 2,87,50,000/- |
| | Total | | | 70,03,41,100/- |

1) 2022-23 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേക്കുളള പാഠപുസ്തക അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയും (കെ.പി.ബി.എസ്) Memorandum of Understanding (MoU) ഒപ്പ് വയ്ക്കേണ്ടതാണ്.

2) 2021-22 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കായി വാങ്ങിയ പേപ്പറിന്റെയും, ഉപയോഗിച്ച പേപ്പറിന്റെയും, അച്ചടി സാമഗ്രികളുടെയും ക്ലോസിംഗ് സ്റ്റോക്കിന്റെ വിശദ വിവരം 2022-23 അദ്ധ്യയന വർഷത്തെ മൂന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി ആരംഭിക്കുന്നതിന് മുമ്പ് കെബിപിഎസ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും, സ്റ്റേഷനറി കൺട്രോളർക്കും സമർപ്പിക്കേണ്ടതാണ്.

3) UID നമ്പർ പ്രകാരം സ്കൂളുകളിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സമയബന്ധിതമായി നൽകാൻ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകൻമാർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശന നിർദ്ദേശം നൽകേണ്ടതാണ്.

4) പാഠപുസ്തക അച്ചടിക്കായി വാങ്ങുന്ന പേപ്പറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുള്ള സ്റ്റേഷനറി വകുപ്പിനെ ചുമതലപ്പെടുത്തി, ആയത് പ്രകാരം കെ.ബി.പി.എസ്. ആദ്യ ലോഡ് പേപ്പർ വാങ്ങിയ ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്റ്റേഷനറി വകുപ്പിൽ ലഭ്യമാക്കി

10 ദിവസത്തിനകം Testing നടത്തി കെ.ബി.പി.എസ്-ന് തിരികെ ലഭ്യമാക്കേണ്ടതും, പിന്നീടുള്ള ഓരോ ലോഡും 5 ദിവസത്തിനകം തിരികെ ലഭ്യമാക്കേണ്ടതുമാണ്.

5) മുൻ വർഷത്തെ ഇന്റഡന്റ്, അച്ചടി ഉത്തരവ് എന്നിവ കണക്കിലെടുത്ത് ഓരോ വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും ആവശ്യമായിവരാവുന്ന പേപ്പർ കണക്കാക്കി മുൻകൂറായി വാങ്ങുന്നതിന് കെ.ബി.പി.എസ്. ശിപാർശ സ്റ്റേഷനറി വകുപ്പിന് നൽകേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ മുൻബാലൻസും കൂടി ചേർത്തും അച്ചടി പേപ്പറിന്റെ കണക്ക് മൂന്നാം വാല്യം അച്ചടി തീരുന്നതോടും കൂടി ക്രമീകരിക്കേണ്ടതുമാണ്.

6) പാഠപുസ്തക വിതരണത്തിന്റെ ബില്ലുകൾ പരിശോധിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഒരു Special Team രൂപീകരിച്ച് കെ.ബി.പി.എസിൽ പരിശോധന നടത്തി, അനുവദനീയമായ മുൻകാല ബില്ലുകളുണ്ടെങ്കിൽ ആയവ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7) പാഠപുസ്തക വിതരണം ഹബ്ബുകളിൽ നിന്നും ബന്ധപ്പെട്ട സ്കൂളിലേക്ക് കെ.ബി.പി.എസ്. തന്നെ വിതരണം നടത്തേണ്ടതും, കൃത്യമായ കണക്കുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വിതരണം പൂർത്തിയായ ഉടനെ സമർപ്പിക്കേണ്ടതും, വിതരണം കെ.ബി.പി.എസ്. തന്നെ നടത്തുന്ന സാഹചര്യത്തിൽ അനുവദനീയമായ നിരക്കുകൾ നൽകുകയും അപ്രകാരമുള്ള അസ്സൽ ബില്ലുകളും വൗച്ചറുകളും 4.10.2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 419/2011/ഫിൻ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

8) 2022-23 അദ്ധ്യയന വർഷത്തെ ആറാം സാധ്യായ ദിനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കണക്കാക്കിയതിൽ നിന്നും വർദ്ധനയുണ്ടായാൽ ബഫർ സ്റ്റോക്ക് തികയില്ലെങ്കിൽ, ആയത് കൃത്യമായി കണക്കാക്കി ആവശ്യമെങ്കിൽ അഡീഷണൽ പ്രിന്റ് ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന മുറയ്ക്ക് കെ.ബി.പി.എസ്. പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്, കാക്കനാട്, കൊച്ചി
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് / എ& ഇ) കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോർസ് പർച്ചേസ് വകുപ്പ്
ധനകാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

സ.ഉ.(സാധാ) നം.8375/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2023 - 24 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും - 2023 — 24 അധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അച്ചടിക്കാനാവശ്യമായ പേപ്പറും അനുബന്ധ സാമഗ്രികളും M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.8375/2022/GEDN തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:-

1. സ.ഉ(സാ.ധാ)നം. 5267/2009/പൊ.വി.വ തീയതി, 15/12/2009
2. സ.ഉ (കൈ)നം. 281/2015/പൊ.വി.വ തീയതി, 05/11/2015
3. സ.ഉ (സാ.ധാ)നം. 2577/2017/പൊ.വി.വ തീയതി, 03/08/2017
4. സ.ഉ(സാ.ധാ)നം. 3283/2018/പൊ.വി.വ തീയതി, 31/08/2018
5. സ.ഉ(സാ.ധാ)നം. 5001/2018/പൊ.വി.വ തീയതി, 28/11/2018
6. സ.ഉ(സാ.ധാ)നം. 4038/2019/പൊ.വി.വ തീയതി, 09/10/2019
7. സ.ഉ(സാ.ധാ)നം.3147/2020/പൊ.വി.വ തീയതി, 24/11/2020
8. സ.ഉ(സാ.ധാ)നം. 4622/2021/പൊ.വി.വ തീയതി, 15/10/2021
9. സ.ഉ(സാ.ധാ)നം. 1419/2022/പൊ.വി.വ തീയതി, 08/03/2022
10. സ.ഉ(സാ.ധാ)നം. 1645/2022/പൊ.വി.വ തീയതി, 14/03/2022
11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/08/2022 ലെ എ1/10084/2022/TBO നമ്പർ കത്ത്
12. 19/09/2022 ലെ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

സ.ഉ.(സാധാ) നം.8375/2022/GEDN

13. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/10/2022 ലെ എ1/10084/2022/TBO നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഓരോ അധ്യയന വർഷത്തേക്കും പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ തുകയ്ക്കുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ടെൻഡർ നടപടികളിലൂടെ ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേഷനറി വകുപ്പാണ് അച്ചടിക്കാവശ്യമായ സാധനസാമഗ്രികൾ കെ.ബി.പി.എസിന് വാങ്ങി നൽകിയിരുന്നത്. ഇപ്രകാരം പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം മൂലം 2015 — 16 അധ്യയന വർഷത്തെ ഒന്നാം ഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം 2016 -17 അധ്യയന വർഷം മുതൽ രണ്ട് വർഷത്തേക്ക് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി സമയബന്ധിതമായി അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന് തുടർച്ചയായി പരാമർശം (3), (4) എന്നിവ പ്രകാരം ഇതേ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ട് 2018-19, 2019-20 അധ്യയന വർഷത്തെ സംസ്ഥാനത്തെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ തന്നെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകി.

2) 2019-20 അധ്യയന വർഷം പാഠപുസ്തക അച്ചടിക്കായുള്ള പേപ്പർ വാങ്ങുന്നതിനുള്ള നടപടി കെ.ബി.പി.എസ് സ്വീകരിച്ചപ്പോൾ ടെണ്ടർ നടപടികളിൽ വേണ്ടത്ര പങ്കാളിത്തം ലഭ്യമല്ലാതിരുന്നതിനാൽ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസിന് പ്രത്യേകാനുമതി നൽകി പരാമർശം ( 5 ) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിന് തുടർച്ചയായി ഇതേ രീതിയിൽ അച്ചടിക്കാവശ്യമായ പേപ്പറുകൾ വാങ്ങുന്നതിന് അനുമതി നൽകി 2020-21, 2021-22, 2022-23 അധ്യയന വർഷങ്ങളിലും സംസ്ഥാനത്തെ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെത്തന്നെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (6), (7), (8), (9), (10) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് നൽകി.

3) 2023-24 അധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടി ചുമതല നൽകുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതിനായി ഉന്നതതല യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് പരാമർശം ( 9 ) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (10) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ, ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസ് കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നുണ്ടെന്നതിനാൽ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി 2023 — 24 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി

സ.ഉ(സാധാ) നം.8375/2022/GEDN

പൂർത്തിയാക്കുന്നതിനും, പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ. ബി. പി. എസ്) ചുമതലപ്പെടുത്താവുന്നതാണെന്നും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായേക്കാവുന്ന പേപ്പറിന്റെ ആവശ്യകതയും കണക്കും ഉൾപ്പെട്ട ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് പരാമർശം (11) പ്രകാരം സമർപ്പിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ യഥാസമയം അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയം ആയതിനാൽ, 2023-24 അധ്യയന വർഷത്തേയ്ക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് 2023 — 24 അധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിനും, അച്ചടിക്കാവശ്യമായ പേപ്പർ M/s Tamilnadu Newsprint & Papers Limited (M/s TNPL) എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന പട്ടികയിലെ specification പ്രകാരം പേപ്പറിന്റെയും അനുബന്ധ സാമഗ്രികളുടെയും ഭരണാനുമതി തുകയായ 85,27,21,700/- (എൺപത്തി അഞ്ചുകോടി ഇരുപത്തിയേഴുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എഴുനൂറു രൂപ മാത്രം) രൂപയിൽ അധികരിക്കാതെ നേരിട്ട് വാങ്ങുന്നതിന്, നിബന്ധനകൾക്കു വിധേയമായി കെ. ബി. പി. എസിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| SL. No | Paper Size | Paper Requirement (metric Tonne) | Rate per Metric Tonne | Amount (in Rs) |
|---|---|---|---|---|
| 1 | 83cm x 70 gsm Maplitho reel paper | 4200MT | 103000 | Rs. 43,26,00,000 |
| 2 | 41.5cm x 70 gsm Maplitho reel paper | 235 MT | | Rs. 24,205,000 |
| 3 | 76 cm x 70 gsm Maplitho reel paper | 2410 MT | | Rs. 248230000 |
| 4 | 38 cm x 70 gsm Maplitho reel paper | 160 MT | | Rs. 16,48,0,000 |
| 5 | 56 cm x 70 gsm Maplitho reel paper | 55 MT | | Rs. 5,66,5,000 |
| | Total | 7060 MT | | |
| 6 | 58 cm x 86 cm 200gsm multilayered board/folding box board | 700 MT | 106844 | Rs. 74,79,0,800 |
| 7 | 58 cm x 78 cm 200 gsm multilayered board/folding box board | 475 MT | 106844 | Rs.5,07,50,900 |
| | Total | 1175 MT | | |
| | Total Amount | | | Rs.852721700 |

1) 2023-24 അധ്യയന വർഷത്തെ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടിയും

വിതരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയും (കെ.ബി.പി.എസ്) Memorandum of Understanding (MoU) ഒപ്പ് വയ്ക്കേണ്ടതാണ്.

2) 2022-23 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയ്ക്കായി വാങ്ങിയ പേപ്പറിന്റേയും, ഉപയോഗിച്ച പേപ്പറിന്റേയും, അച്ചടി സാമഗ്രികളുടെയും ക്ലോസിംഗ് സ്റ്റോക്കിന്റെ വിശദ വിവരം 2022-23 അധ്യയന വർഷത്തെ മൂന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി ആരംഭിക്കുന്നതിന് മുമ്പ് കെ.ബി.പി.എസ് പൊതുവിദ്യാഭ്യാസ ഡയറക്ടറർക്കും, സ്റ്റേഷനറി കൺട്രോളർക്കും സമർപ്പിക്കേണ്ടതാണ്.

3) മുൻ വർഷങ്ങളിൽ (2021-22,2022-23) വാങ്ങിയിട്ടുള്ള പേപ്പറിന്റെയും ബോർഡുകളുടെയും നീക്കിയിരിപ്പ് കൂടി കുറവ് വരുത്തിയ ശേഷം, ആവശ്യമുള്ള ബാക്കി പേപ്പറും ബോർഡുകളും മാത്രം വാങ്ങേണ്ടതാണ്.

4) UID നമ്പർ പ്രകാരം സ്കൂളുകളിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സമയബന്ധിതമായി നൽകാൻ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശന നിർദ്ദേശം നൽകേണ്ടതാണ്.

5 ) പാഠപുസ്തക അച്ചടിക്കായി വാങ്ങുന്ന പേപ്പറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുള്ള സ്റ്റേഷനറി വകുപ്പിനെ ചുമതലപ്പെടുത്തി. ആയത് പ്രകാരം കെ.ബി.പി.എസ് ആദ്യ ലോഡ് പേപ്പർ വാങ്ങിയ ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്റ്റേഷനറി വകുപ്പിൽ ലഭ്യമാക്കി 10 ദിവസത്തിനകം Testing നടത്തി കെ.ബി.പി.എസ്- ന് തിരികെ ലഭ്യമാക്കേണ്ടതും, പിന്നീടുള്ള ഓരോ ലോഡും 5 ദിവസത്തിനകം തിരികെ ലഭ്യമാക്കേണ്ടതുമാണ്.

6 ) മുൻ വർഷത്തെ ഇന്റഡന്റ്, അച്ചടി ഉത്തരവ് എന്നിവ കണക്കിലെടുത്ത് ഓരോ വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും ആവശ്യമായിവരാവുന്ന പേപ്പർ കണക്കാക്കി മുൻകൂറായി വാങ്ങുന്നതിന് കെ.ബി.പി.എസ് ശിപാർശ സ്റ്റേഷനറി വകുപ്പിന് നൽകേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ മുൻബാലൻസും കൂടി ചേർത്തും അച്ചടി പേപ്പറിന്റെ കണക്ക് മൂന്നാം വാല്യം അച്ചടി തീരുന്നതോടും കൂടി ക്രമീകരിക്കേണ്ടതുമാണ്.

7) പാഠപുസ്തക വിതരണം ഹബ്ബുകളിൽ നിന്നും ബന്ധപ്പെട്ട സ്കൂളിലേക്ക് കെ.ബി.പി.എസ് തന്നെ വിതരണം നടത്തേണ്ടതും, കൃത്യമായ കണക്കുകൾ പൊതുവിദ്യാഭ്യസ ഡയറക്ടർക്ക് വിതരണം പൂർത്തിയായ ഉടനെ സമർപ്പിക്കേണ്ടതും, വിതരണം കെ.ബി.പി.എസ് തന്നെ നടത്തുന്ന സാഹചര്യത്തിൽ അനുവദനീയമായ നിരക്കുകൾ നൽകുകയും അപ്രകാരമുള്ള അസ്സൽ ബില്ലുകളും വൗച്ചറുകളും 04.10.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 419/2011/ഫിൻ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

8) 2023-24 അധ്യയന വർഷത്തെ ആറാം സാധ്യായ ദിനത്തിന്റ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കണക്കാക്കിയതിൽ നിന്നും വർദ്ധനയുണ്ടായാൽ ബഫർ സ്റ്റോക്ക് തികയില്ലെങ്കിൽ , ആയത് കൃത്യമായി കണക്കാക്കി ആവശ്യമെങ്കിൽ അഡീഷണൽ പ്രിന്റ് ഓർഡർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന മുറയ്ക്ക് കെ.ബി.പി.എസ് പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യേണ്ടതുമാണ്.

സ.ഉ.(സാധാ) നം.8375/2022/GEDN

9) പേപ്പർ പർച്ചേസിലെ കണക്കുകൾ അന്തിമ സെറ്റിൽമെന്റ് ചെയ്യുന്നതിന് പേപ്പർ വേസ്റ്റേജ് വിറ്റഴിച്ച തുകയിൽ KBPS സർക്കാരിൽ അടക്കാനുള്ള വിഹിതം കുറവ് ചെയ്ത്, 2023-2024 അദ്ധ്യയന വർഷത്തിന് മുൻപ് അന്തിമ സെറ്റിൽമെന്റിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ. പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി
4. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
5. സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
6. പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
8. സ്റ്റോർ പർച്ചേസ് വകുപ്പ്
9. ധനകാര്യവകുപ്പ്
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
11. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 23-12-2022 10:44:15
സെക്ഷൻ ഓഫീസർ

3/29

123

**GOVERNMENT OF KERALA**

Abstract

General Education – Printing of school text books for std 1 to 10-Rate of printing charge revised -Orders issued

GENERAL EDUCATION (M) DEPARTMENT

G.O. (Ms) 84/ 2016 /G.Edn. Dated, Thiruvananthapuram, 20/05/2016/~~2016~~

Read: 1.G.O (Ms) No. 143/2004/G.Edn. Dated 27.5.2004.

2.letter No. PL-1283/07/1526 dated 18.6.2007 from the Chairman&Managing Director ,KBPS.

3.Letter No.A2-1532/2007/TBO dated 7/10/2008 from the Text Book Officer.

4.Report of the Committee on revision of rates of printing charges in respect of printing of text books by KBPS

**ORDER**

The existing rate of printing charges for school textbooks was fixed as per G.O. read as 1st paper above. The Chairman and Managing Director, Kerala Books & Publication Society has reported vide letter 2nd read above that the cost of printing materials, electricity charges, transportation charges, loading and unloading charges, wages etc.. have gone up considerably since 2004. He has further requested to enhance the existing rate inorder to cope up with the situation. Government have placed the matter before a committee constituted to study on revision of rates of printing charges. The Committee suggested an increase of 35% over the existing rate subject to the following conditions:-

1. This rate will only be for the KBPS for the printing works of text books of the current year.
2. In the first week of June 2016 itself Administrative Department should convene a meeting to review the entire printing process and frame strategy to be adopted for the year 2017-18 onwards and start early to ensure smooth and efficient execution of the work.
3. Action plan including specific dates for each work should be decided in June itself. Its execution should be monitored closely. A penal clause may be included for ensuring the execution of the work as per action plan.
4. All bills in respect of the work should be forwarded to Superintendent of Government Presses for verification and counter signature as stipulated in the Manual of Government Presses. The Superintendent should verify and forward it to Text Book Officer in a time bound manner.

In the above circumstance, Government have examined the matter in detail and are pleased to enhance the existing rate of printing charge by 35% as recommended by the Committee subject to the following conditions:-

a) This rate will only be for the KBPS for the printing works of text books of the current year ie. printing of text books for the academic year 2016-17.

b) All bills in respect of the work should be forwarded to Superintendent of Government Presses for verification and counter signature as stipulated in the Manual of Government Presses. The Superintendent should verify and forward it to Text Book Officer in a time bound manner.

By order of the Governor
R.KUMAR
Special Secretary

To

The Director of Public Instruction, Thiruvananthapuram.
The MD,KBPS,Kakkanad,Kochi
The Director of Government Presses,
The Accountant General (A&E/Audit) Kerala, Thiruvnanthapuram
The Director of Treasuries, Thiruvananthapuram
The Controller of Stationery, Thiruvananthapuram
The Text Book Officer, Padmavilasom, Fort, Thiruvananthapuram.
The Higher Education (H) Department
The Finance Department (Vide U.O. (O) No.90577/Edn.B3/15/Fin)
Stock File/Office Copy

forwarded/by order

Section Officer

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2017-18, 2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി നിരക്കിൽ 35% വർദ്ധന അനുവദിച്ചിരുന്നത് തുടർന്നുള്ള രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.5841/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 13/12/2021

---

പരാമർശം:-

1. സ.ഉ(കൈ) 143/2004/പൊ.വി.വ തിയതി 27/05/2004
2. സ.ഉ(സാധാ) 5267/2009/പൊ.വി.വ തീയതി 15/12/2009
3. സ.ഉ(കൈ) 281/2015/പൊ.വി.വ തീയതി 05/11/2015
4. സ.ഉ(സാധാ) 84/2016/പൊ.വി.വ തീയതി 25/05/2016
5. സ.ഉ(സാധാ) 2577/2017/പൊ.വി.വ തീയതി 03/08/2017
6. സ.ഉ(സാ) 769/2018/പൊ.വി.വ തീയതി 20/02/2018.
7. സ.ഉ(സാധാ) നം.3283/18/പൊ.വി.വ തീയതി 31/08/2018
8. സ.ഉ(സാധാ) നം.4038/2019/പൊ.വി.വ തീയതി 09/10/2019
9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 3/9/2021 ലെ എ2/63/21/ടി.ബി.ഒ നമ്പർ കത്ത്
10. 09/09/2021-ന് ഉച്ചയ്ക്ക് 2.30 മണിക്ക് ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

### ഉത്തരവ്

സംസ്ഥാനത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും ചുമതല കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (2), പരാമർശം (3) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ പാഠപുസ്തക അച്ചടിയുടെ നിരക്ക് പരാമർശം (1) പ്രകാരമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പരാമർശം (4) പ്രകാരം നിബന്ധനയ്ക്ക് വിധേയമായി 2016-17 വർഷത്തിൽ പരാമർശം (1) പ്രകാരമുള്ള നിരക്കിൽ നിന്നും 35% വർദ്ധിപ്പിച്ച് നൽകിയിരുന്നു.

2) പരാമർശം (5) ഉത്തരവ് പ്രകാരം 2018-19 വർഷത്തെ അച്ചടി കെ.ബി.പി.എസിനെ ഏൽപ്പിക്കുകയും പരാമർശം (6) പ്രകാരം അച്ചടിനിരക്ക് 35% വർദ്ധിപ്പിച്ച നിരക്കിൽ തുടർന്നുള്ള രണ്ട് അദ്ധ്യയന വർഷത്തേയ്ക്ക് കൂടി (2017-18, 2018-19) നീട്ടി നൽകുന്നതിനും ഉത്തരവായിരുന്നു.

3) പരാമർശം (7) പ്രകാരം 2019-20 വർഷത്തിലും, പരാമർശം (8) പ്രകാരം 2020-21 ലും

കെ.ബി.പി.എസിനെ തന്നെ അച്ചടി ചുമതല ഏൽപ്പിച്ചതിനാലും അച്ചടി നിരക്കിൽ 35% വർദ്ധന അനുവദിക്കുന്നതിന് പരാമർശം ( 9 ) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യതിന്റെയും, പരാമർശം (10) പ്രകാരമുള്ള യോഗത്തിൽ തീരുമാനമായതിന്റെയും അടിസ്ഥാനത്തിൽ പാഠപുസ്തക അച്ചടി നിരക്കിൽ 35% വർദ്ധനവ് 2019-20, 2020-21 അദ്ധ്യയന വർഷങ്ങളിലേയ്ക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

ജോയിന്റ് സെക്രട്ടറി .

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,തിരുവനന്തപുരം.

3. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് .

5. പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.

6. മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി.

7. പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം

8. ധനകാര്യവകുപ്പ്

7. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു പൊതു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2019-20,2020-21 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി നിരക്ക് 35% വർദ്ധന അനുവദിച്ചിരുന്നത് 2021-22,2022-23 അദ്ധ്യയന വർഷത്തേക്കു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.5804/2022/GEDN തീയതി,തിരുവനന്തപുരം, 07-10-2022

---

പരാമർശം:-

1. സ.ഉ(കൈ) 143/2004/പൊവിവ തിയതി 27/05/2004
2. സ.ഉ(സാധാ)5267/2009/പൊവിവ തിയതി 15/12/2009
3. സ.ഉ(കൈ) 281/2015/പൊവിവ തിയതി 5/11/2015
4. സ.ഉ(എം.എസ്) 84/2016/പൊവിവ തിയതി 20/05/2016
5. സ.ഉ(സാധാ) 769/2018/പൊവിവ തിയതി 20/02/2018
6. സ.ഉസാധാ) 3147/2020/പൊവിവ തിയതി 24/11/2020
7. സ.ഉ(സാധാ) 4622/21/പൊവിവ തിയതി 15/10/2021
8. സ.ഉ(സാധാ) 5841/21/പൊവിവ തിയതി 13/12/2021
9. 14/09/2022 ന് വൈകിട്ട് 3.00 മണിയ്ക്ക് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഒന്നുമുതൽ 10 വരെയുള്ള ക്ളാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും ചുമതല കേരള ബുക്സ് &പബ്ളിക്കേഷൻ സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് പരാമർശം (2),(3) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ പാഠപുസ്തക അച്ചടിയുടെ നിരക്ക് പരാമർശം (1) പ്രകാരമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത് .പരാമർശം (4) പ്രകാരം നിബന്ധനയ്ക്കു വിധേയമായി 2016-17 വർഷത്തിൽ പരാമർശം (1) പ്രകാരമുള്ള നിരക്കിൽ നിന്നും 35% നിരക്ക് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ,പരാമർശം (5) ഉത്തരവ് പ്രകാരം ടി നിരക്ക് 2017-18,2018-19 വർഷം നീട്ടി നൽകുകയും പിന്നീട് വീണ്ടും പരാമർശം (8) പ്രകാരം 2019-20, 2020-21 അദ്ധ്യയന വർഷവും 35% നിരക്ക് വർദ്ധനവ് ബാധകമാക്കി ഉത്തരവ് നൽകിയിരുന്നു.

2021-22, 2022-23 അദ്ധ്യയന വർഷവും 35% വർദ്ധനവ് അനുവദിക്കുന്നതിന് പരാമർശം (9) പ്രകാരമുള്ള യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 6,7 എന്നിവ പ്രകാരം 2021-22, 2022-23 അദ്ധ്യയന വർഷവും അച്ചടിയും

വിതരണവും ചുമതല കേരള ബുക്ക്സ് &പബ്ളിക്കേഷൻ സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതിന്റെയും പരാമർശം (9) പ്രകാരമുള്ള യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ പാഠപുസ്തക അച്ചടിയുടെ നിരക്ക് 35% വർദ്ധനവ് അനുവദിച്ചത് 2021-22, 2022-23 അദ്ധ്യയന വർഷവും സഞ്ചിതഫലത്തോടെയല്ലാതെ ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,തിരുവനന്തപുരം.

5. മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേൻ സൊസൈറ്റി.

6. പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം

7. ധനകാര്യ വകുപ്പ്

8. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

9.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 07-10-2022 17:13:43
സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2661/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2022-23 അധ്യയന വർഷത്തെ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (KBPS) അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് KBPS ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2661/2022/GEDN തീയതി,തിരുവനന്തപുരം, 26-04-2022

പരാമർശം:-
1. സ.ഉ (സാധാ) 4622/21/പൊവിവ, തീയതി: 15/10/2021
2. സ.ഉ (സാധാ) 1419/22/പൊവിവ, തീയതി: 08/03/2022
3. സ.ഉ (സാധാ) 1645/22/പൊവിവ, തീയതി: 14/03/2022
4. സ.ഉ (സാധാ) 2311/22/പൊവിവ, തീയതി: 07/04/2022
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/04/2022 ലെ എ2/39/2022/ടിബി6 നമ്പർ കത്ത്
6. കെ. ബി. പി. എസ് മാനേജിങ് ഡയറക്ടറുടെ 09/04/2022 ലെ പി 2/473/ടിബി/222 നമ്പർ കത്ത്

**ഉത്തരവ്**

2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി , വിതരണം എന്നിവ കെ. ബി. പി. എസി നെ ഏല്പിച്ചുകൊണ്ട് പരാമർശം (1),(2),(3) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . പരാമർശം (4) ലെ ഉത്തരവ് പ്രകാരം ജില്ലാ ഹബ്ബുകളിലേക്കുള്ള വിതരണത്തിനുള്ള ഏജൻസിയെ ഇ-ടെൻഡർ മുഖേന കണ്ടെത്തുന്നതിന് കെ. ബി. പി. എസിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ sorting & packing ഇനത്തിൽ കുടുംബശ്രീയെ ദിവസവേതന നിരക്കിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം കെ. ബി. പി. എസ് സമർപ്പിച്ച ശിപാർശ 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം , സോർട്ടിംഗ് , പാക്കിംഗ് , സൊസൈറ്റികളിലേക്കുള്ള വിതരണം എന്നിവ കുടുംബശ്രീ മുഖേന നടത്തുന്നതിനും പാഠപുസ്തക കയറ്റിയിറക്ക് ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന അംഗീകൃത നിരക്കിൽ നടത്തുന്നതിന് അനുമതി നൽകുന്നതിനും സോർട്ടിംഗ്, പാക്കിംഗിന് കെ.ബി.പി.എസിൽ ഓവർടൈം ജോലി ചെയ്യുന്നതിന് ദിവസ വേതന കരാർ ജീവനക്കാർക്കുള്ള സർക്കാർ നിരക്ക് പ്രകാരം തുക നല്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ആയതിന്റെ അടിസ്ഥാനത്തിൽ

സ.ഉ.(സാധാ) നം.2661/2022/GEDN

താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു .

1) ഹബ്ബുകളിൽ നിന്ന് സൊസൈറ്റികളിലേക്കുള്ള തരം തിരിക്കൽ , പാക്കിംഗ്, ഗതാഗതം എന്നിവ കുടുംബശ്രീയെ ഏല്പിച്ചുകൊണ്ടും , ഇതിനു കുടുംബശ്രീയും കെ ബി പി എസും തമ്മിൽ ധാരണയായ നിരക്കിന് അംഗീകാരം നൽകുകയും ചെയ്യുന്നു .

2) കെ. ബി. പി. എസിൽ നിന്നും ഹബ്ബുകളിലേക്കുള്ള നീക്കത്തിന് ഇ - ടെണ്ടർ മുഖേനയുള്ള ഗതാഗതചാർജ്ജുകൾ അംഗീകരിക്കുന്നു.

3) ഇതിനാവശ്യമായ കയറ്റിറക്ക് കൂലി ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ അംഗീകരിക്കുന്നു.

4) കെ ബി പി എസിൽ തരംതിരിക്കൽ , പാക്കിംഗ് , ഓവർടൈം ജോലി മുതലായവയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് സർക്കാർ നിരക്കിൽ വേതനം അനുവദിക്കുന്നതിനും

5) പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട കെ. ബി. പി. എസ് വഹിക്കുന്ന വിവിധ ചെലവുകളുടെ, തുക , അവയുടെ ഒറിജിനൽ ബില്ലുകൾ , വൗച്ചറുകൾ/രേഖകൾ ഹാജരാക്കുന്ന മുറക്ക് re-imburse മുഖേന അനുവദിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടൻറ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്., കാക്കനാട് പി.ഒ., കൊച്ചി-682030
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സ്റ്റേഷനറി കൺട്രോളർ ,തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (എഡ്യൂക്കേഷൻ-ബി3/61/22/ധന. തീയതി-25.04.2022 പ്രകാരം)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 26-04-2022 15:22:41

സെക്ഷൻ ഓഫീസർ

പകർപ്പ് :- വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

SPD-C3/165/2023-SPD

7493972/2023/(SPD)

സ.ഉ.(സാധാ) നം.1938/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - 2023 - 24 അധ്യയനവർഷത്തെ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയും- ആയതിനുള്ള പ്രവർത്തനങ്ങൾക്കുള്ള നിരക്ക് നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.1938/2023/GEDN തീയതി,തിരുവനന്തപുരം, 15-03-2023

പരാമർശം:-

1. സ.ഉ (സാധാ) നം. 8375/2022/പൊ.വി.വ, തീയതി 22/12/2022
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/01/2023 ലെ എ2/10110/2022/ടിബിഒ നമ്പർ കത്ത്

<u>ഉത്തരവ്</u>

2023 — 24 അധ്യയനവർഷത്തെ പാഠപുസ്തക അച്ചടി, വിതരണം എന്നിവ കെ.ബി.പി.എസ് നെ ഏല്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് കെ.ബി.പി.എസിൽ നിന്നും ഹബ്ബുകളിലേക്കുള്ള ഗതാഗതം, കയറ്റിറക്ക്, ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ്, സൊസൈറ്റികളിലേക്കുള്ള വിതരണം എന്നിവയടക്കം ഭൂരിഭാഗം പ്രവർത്തനങ്ങളും പുറം കരാറുകൾ നൽകിയോ കുടുംബശ്രീ മിഷൻ പോലുള്ള ഏജൻസികൾക്ക് നൽകിയോ ആണ് ചെയ്തുപോരുന്നതെന്നും 2023 - 24 അധ്യയനവർഷം പാഠപുസ്തകവിതരണം സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കണമെന്നും ആയതിന്റെ നിരക്കുകൾ അംഗീകരിച്ചുനൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്ത് നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 - 24 അധ്യയനവർഷത്തെ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയും പാഠപുസ്തകം വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചും ഉത്തരവാകുന്നു.

| നം. | പ്രവർത്തനങ്ങൾ | നൽകുന്ന അനുമതി |
|---|---|---|
| 1. | കെ.ബി.പി.എസിൽ നിന്നുള്ള ലോഡിംഗ് | അംഗീകൃത കയറ്റിറക്ക് തൊഴിലാളി ബോർഡിന്റെ നിരക്കിൽ |

| | | |
|---|---|---|
| 2. | ഹബ്ബിലെ അൺലോഡിംഗ് | അംഗീകൃത കയറ്റിറക്ക് തൊഴിലാളി ബോർഡിന്റെ നിരക്കിൽ |
| 3. | ഹബ്ബുകളിലേക്കുള്ള ഗതാഗതം | സ്റ്റോർ പർച്ചേസ് മാനദണ്ഡപ്രകാരം ഇ - ടെണ്ടർ മുഖേന |
| 4. | ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ്, ലോഡിംഗ്, സൊസൈറ്റികളിലെ അൺലോഡിംഗ്, ഹബ്ബുകളിലെ മറ്റെല്ലാ ചെലവുകളും | കുടുംബശ്രീ മുഖേന (കിലോഗ്രാമിന് 7 രൂപ നിരക്കിൽ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്.
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(M2/33/23)

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 16-03-2023 16:35:44